"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്-2025 ചാമ്പ്യൻസ് ബോട്ട് ലീഗ് പ്രൈവറ്റ് സ്പോൺസർഷിപ്പ് മുഖേന സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാരിനെയും പ്രൈവറ്റ് സ്പോൺസർമാരേയും ബന്ധിപ്പിക്കുന്നതിന് ഒരു ഇവന്റ് മാനേജറെ / ട്രാൻസാക്ഷൻ അഡ്വൈസറെ തിരഞ്ഞെടുക്കുന്നതിനായി- ഇവാലുവേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.409/2025/TSM തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:-

1. ***28.02.2025*** തീയതി ബഹു.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 23.06.2025 തിയതിയിലെ DOT/976/2025-P9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചാമ്പ്യൻസ് ബോട്ട് ലീഗ് പ്രൈവറ്റ് സ്പോൺസർഷിപ് മുഖേന സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാരിനെയും പ്രൈവറ്റ് സ്പോൺസർമാരേയും ബന്ധിപ്പിക്കുന്നതിന് ഒരു ഇവന്റ് മാനേജറെ / ട്രാൻസാക്ഷൻ അഡ്വൈസറെ നിയമിക്കാവുന്നതാണെന്നും പരിപാടിയുടെ ബ്രാൻഡിംഗ് (ലോഗോ,വിഡിയോ തുടങ്ങിയവ), സ്പോൺസർമാരെ കണ്ടെത്തൽ, സംഘാടനം എന്നിവയുൾപ്പെടെ നിർവഹിക്കുന്നതിന് നിശ്ചിത ഫീസ് നൽകിക്കൊണ്ട് പരിചയ സമ്പന്നരായ ട്രാൻസാക്ഷൻ അഡ്വൈസർമാരുടെ സേവനം കണ്ടെത്താവുന്നതാണെന്നും പരാമർശം(1) പ്രകാരം തീരുമാനമായിരുന്നു.

2.അതുപ്രകാരം, ഈ വർഷത്തെ ചാമ്പ്യൻസ് ബോട്ട് ലീഗ് നടത്തിപ്പിന് സ്പോൺസർമാരെ കണ്ടെത്തുന്നതിനായി ഒരു ഇവൻറ് മാനേജറെ /

ട്രാൻസാക്ഷൻ അഡ്വൈസറെ തെരഞ്ഞെടുക്കുന്നതിന് താല്പര്യപത്രം ക്ഷണിച്ചുകൊണ്ട് പത്രങ്ങളിൽ പരസ്യം നൽകിയിട്ടുള്ള സാഹചര്യത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അനുയോജ്യമായ ഒരു ഇവൻറ് മാനേജറെ / ട്രാൻസാക്ഷൻ അഡ്വൈസറെ തിരഞ്ഞെടുക്കുന്നതിന് ഒരു ഇവാലുവേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകണമെന്ന് പരാമർശം(2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2025 വർഷത്തെ ചാമ്പ്യൻസ് ബോട്ട് ലീഗ് നടത്തിപ്പിന് സ്പോൺസർമാരെ കണ്ടെത്തുന്നതിനായി ഒരു ഇവന്റ് മാനേജറെ / ട്രാൻസാക്ഷൻ അഡ്വൈസറെ തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും അനുയോജ്യമായ തിരഞ്ഞെടുപ്പ് നടത്തുന്നതിനുമായി ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഇവാലുവേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| *ചെയർമാൻ* | *ചീഫ് എക്സിക്യൂട്ടിവ് ഓഫിസർ, CBL Ltd.* |
| *കൺവീനർ* | *ഡെപ്യൂട്ടി ഡയറക്ടർ (സ്പെഷ്യൽ പ്രോജെക്ട്സ്), വിനോദ സഞ്ചാര വകുപ്പ്* |
| *അംഗങ്ങൾ* | *1.അഡീഷണൽ സെക്രട്ടറി,വിനോദസഞ്ചാര വകുപ്പ്<br>2.ഫിനാൻസ് ഓഫീസർ, വിനോദ സഞ്ചാര വകുപ്പ്<br>3.കമ്പനി സെക്രട്ടറി, CBL.Ltd.* |

4 . ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അനുയോജ്യമായ ഇവന്റ് മാനേജറെ / ട്രാൻസാക്ഷൻ അഡ്വൈസറുടെ തിരഞ്ഞെടുപ്പ് നടത്തുന്നതിന് ടി ഇവാലുവേഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ഇവാലുവേഷൻ കമ്മിറ്റി അംഗങ്ങൾക്ക്( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് ll ) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനു)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T

Date: 05-07-2025 15:49:57
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്